ചന്ദ്രിക

# സ്വർണ്ണ മെഡൽ സമ്മാനദാനവും സ്കോളർഷിപ്പ് വിതരണവും

എസ്.എൻ പുരം: എംഇ എസ് അസ്മാബി കോളേജ് അലുംനി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് സ്വർണ്ണ മെഡലുകൾ സമ്മാനിച്ചു. അലുംനി അവാർഡ് ദിനത്തിൽ നടത്തിയ പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. മുബാറക് പാഷ നിർവഹിച്ചു.




അലുംനി അവാർഡ് ദാന ചടങ്ങ് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.മുബാറക് പാഷ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

കോളേജിലെ വിവിധ പഠന വകുപ്പുകളിൽ 2022 23 അധ്യയനവർഷത്തിൽ മികച്ച വിജയം കരസ്ഥമാക്കിയ 24 വിദ്യാർഥികളെയാണ് സ്വർണ്ണ മെഡലുകൾ നൽകി അനുമോദിച്ചത്. വിദ്യാർത്ഥികളെ പഠനത്തിൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടർച്ചയായി 16 ആം വർഷമാണ് ഉന്നത വിജയികൾക്ക് അലുംനി അസോസിയേഷൻ സ്വർണ്ണ മെഡലുകൾ നൽകിവരുന്നത്.

കഴിഞ്ഞ രണ്ട് വർഷങ്ങളായി മുഴുവൻ ഡിഗ്രി, പിജി കോഴ്സുകളിലും സ്വർണ്ണ മെഡൽ സമ്മാനിച്ചു വരുന്നു. കൂടാതെ തിരഞ്ഞെടുത്ത 100 വിദ്യാർത്ഥികൾക്കും വേദിയിൽ വെച്ച് സ്കോളർഷിപ്പ് വിതരണം ചെയ്തു. ഇന്ത്യയിലും വിദേശത്തും വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന പ്രമുഖ പൂർവ്വ വിദ്യാർത്ഥികളാണ് സ്വർണ്ണമെഡലുകളും സ്കോളർഷിപ്പും സ്പോൺസർ ചെയ്യുന്നത്. ഡോ.എ ബിജു അനുമോദന പ്രസംഗം നടത്തി. എംഇഎസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ കെ കുഞ്ഞുമൊയ്തീൻ മുഖ്യാതിഥി ഡോ. മുബാറക്ക് പാഷക്ക് ഉപഹാരം നൽകി. സെക്രട്ടറി ആൻഡ് കറസ്പോണ്ടന്റ് അഡ്വ. നവാസ് കാട്ടകത്ത് സ്കോളർഷിപ്പ് വിതരണം ഉദ്ഘാടനം ചെയ്തു. കോമേഴ്സ് അലുംനി അസോസിയേഷൻ ബിസിനസ് ലോയിൽ കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർഥിക്കായി, കോളേജിലെ നിയമ അധ്യാപകനായിരുന്ന അഡ്വ. സൈയ്തു മുഹമ്മദിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ ക്യാഷ് അവാർഡ് കോളേജ് ചെയർമാൻ ആസ്പിൻ അഷ്റഫ് വിതരണം ചെയ്തു. കോളേജിൽ നിർമ്മാണത്തിലിരിക്കുന്ന അലുംനി സ്ക്വയറിന് 1990-92 ബാച്ചിലെ പ്രീഡിഗ്രി വിദ്യാർഥികളുടെ കൂട്ടായ്മ 'സ്മൈൽസ് ഫ്രം മൈൽസ്' നൽകിയ സംഭാവന കോളേജ് പ്രിൻസിപ്പാൾ പ്രൊഫസർ ബിജു അലുംനി അസോസിയേഷൻ യുഎഇ ചാപ്റ്റർ ട്രഷറർ റഷീദിൽ നിന്നും വേദിയിൽ ഏറ്റുവാങ്ങി. ഡോൾഫിൻ ഷിപ്പിംഗ് ലൈൻ ലിമിറ്റഡിന്റെ കൊച്ചിയിലെ ഓഫീസ് മേധാവി ശ്രീമതി ജീന ജേക്കബ്, കോളേജ് ട്രഷറർ മുഷ്താഖ് മൊയ്തീൻ, വൈസ് പ്രിൻസിപ്പാൾ റീന മുഹമ്മദ്, സ്റ്റാഫ് സെക്രട്ടറി സനന്ദ് സദാനന്ദ്,കോളേജ് യൂണിയൻ ചെയർമാൻ ലയ, ഡോ. ഷീന, പ്രൊഫ.ഷിബു,സൂപ്രണ്ട് സദുറുദീൻ തുടങ്ങിയവർ ആശംസ പ്രസംഗം നടത്തി. അലുംനി അസോസിയേഷൻ പ്രസിഡന്റ് ഡോ. കെ പി സുമേധന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിന് ജനറൽ സെക്രട്ടറി എം കെ നജീബ് സ്വാഗതമാശംസിച്ചു. അസോസിയേഷൻ ട്രഷറർ പി ആർ ശ്രീധർ നന്ദി പ്രകാശിപ്പിച്ചു.